# INDIAN SCHOOL AL WADI AL KABIR

## PRE- MID TERM EXAMINATION 2026 -27

## MALAYALAM (012)

Date: 14/05/2026 Time Allowed :1 Hour

Class: X Maximum Marks: 30

---

* Please check that this question paper contains 14 questions and 4 printed pages.

**1. തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഓരോ മാർക്കു വീതം )** **( 5 X 1 = 5 )**

സുപ്രധാനമായ ഒരു വാർത്താവിനിമയോപാധിയാണ് പത്രങ്ങൾ. ലോകത്തു നടക്കുന്ന എല്ലാ വിവരങ്ങളും നമ്മുടെ മുൻപിലെത്തിക്കുന്ന പത്രങ്ങൾ ജനങ്ങളെ ഗാഢസമ്പർക്കത്തിലൂടെ സ്വാധീനിക്കുന്നതിനാൽ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ചില സദാചാരതത്ത്വങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ 'നാലാംതൂണ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പത്രങ്ങൾക്കു മാത്രമേ അത്യാവശ്യ സന്ദർഭങ്ങളിൽ പൊതുജന ജിഹ്വയാകുവാൻ കഴിയൂ. ജനങ്ങളുടെ അഭിപ്രായ രൂപീകരണത്തിൽ ഗുണപ്രദമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന പത്രങ്ങളുടെ പ്രധാനലക്ഷ്യം പൊതുജനനന്മ മാത്രമായിരിക്കണം. ജനങ്ങളെയും ഭരണാധികാരികളെയും തമ്മിൽ ബന്ധിപ്പിക്കുന്നതും, തിരുത്തൽ ശക്തിയായി വർത്തിക്കുന്നതും പത്രങ്ങളാണ്. സത്യസന്ധമായ വാർത്തകൾ പ്രസിദ്ധീകരിച്ച് തെറ്റു ചെയ്യുന്നവരെ നിയമത്തിനു മുന്നിൽ എത്തിക്കാൻ ശ്രമിക്കണം. സ്വാർത്ഥതാല്പര്യത്തിനായി അഴിമതികളിലേർപ്പെടുന്നവർ പത്രധർമ്മത്തിന് കളങ്കം ഉണ്ടാക്കുന്നു. പത്രമുടമസ്ഥന്റെ ആജ്ഞാനുവർത്തികളായി പത്രപ്രവർത്തകർ മാറരുത്. പൊതുജനഹിതത്തിനായി പ്രവർത്തിക്കേണ്ടവരാണ് അവർ. സത്യം, ന്യായം, നീതി എന്നിവയാണ് പത്രക്കാരന്റെ പുരുഷാർത്ഥങ്ങൾ. ഭരണാധികാരികളെ പ്രീണിപ്പിച്ച്, താൽക്കാലികലാഭം നോക്കാതെ, ദീർഘകാലത്തേക്കുള്ള രാജ്യപുരോഗതി ആയിരിക്കണം ഓരോ പത്രപ്രവർത്തകനും ലക്ഷ്യമാക്കേണ്ടത്.

**<u>ചോദ്യങ്ങൾ</u>**

a) പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ചില സദാചാരതത്ത്വങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ടെന്ന് പറയുന്നത്  എന്തുകൊണ്ട് ?

b) എന്തിനെയാണ് ജനാധിപത്യത്തിന്റെ 'നാലാംതൂണ് ' എന്ന് വിശേഷിപ്പിക്കുന്നത് ?

c) പത്രധർമ്മത്തിന് കളങ്കം ഉണ്ടാക്കുന്നത് എങ്ങനെയുള്ളവരാണ് ?

d) പത്രക്കാരന്റെ പുരുഷാർത്ഥങ്ങൾ എന്തെല്ലാം ?

e) ഓരോ പത്രപ്രവർത്തകനും ലക്ഷ്യമാക്കേണ്ടത് എന്താണ് ?

**2.താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(4 x 1 = 4)**

(a) ''മാതൃഭാഷ: നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദി''എന്ന ലേഖനം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) ആയിരം നാവുള്ള   മൗനം  (B) നമ്മെ വിഴുങ്ങുന്ന മൗനം

(C) മൂടിക്കെട്ടിയ മൗനം  (D) വീണ്ടും മൗനം ബാക്കി

(b) ''മുട്ടുകാലിൽ നടക്കുന്നതുപോലെ സ്വാഭാവികമായി, സരളമായി ഞാനതു പഠിച്ചു.'' എന്ത് പഠിച്ചതിനെക്കുറിച്ചാണ് ലേഖകൻ പറയുന്നത് ?

(A) കന്നട ഭാഷ  (B) തമിഴ് ഭാഷ

(C) ആംഗലസാഹിത്യം  (D) സിനിമാഭിനയം

(c) ''അത് എന്റെമേൽ വെറുതെ ചുമത്തപ്പെട്ടതാണ് എന്നതുകൊണ്ട് അതിനെ മാറ്റാം.''  എന്തിനെക്കുറിച്ചാണിവിടെ പറയുന്നത് ?

(A) സംസ്കാരം  (B) ബന്ധങ്ങൾ

(C) മാതൃഭാഷ  (D) ലേഖകന്റെ ജാതി

(d) "ഞാൻ നിങ്ങളെപ്പോലെയല്ല, വ്യത്യസ്തനാണ് എന്നു സ്ഥാപിക്കാൻ വേണ്ടി സംസാരിക്കുന്നത് '' എന്തിന്റെ അടയാളമാണ് ?

(A) ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ  (B) ഭാഷാശേഷിയുടെ

(C) സംസ്കാരശൂന്യതയുടെ  (D) സ്വഭാവമഹിമയുടെ

**3. ശരിയായ വാക്ക് തിരഞ്ഞെടുത്തെഴുതുക.** **( 1 )**

a) സ്ഭുരിക്കുക / സ്ഫുരിക്കുക / സ്പുരിക്കുക / സ്ബുരിക്കുക

**4. നാനാർത്ഥപദങ്ങൾ എടുത്തെഴുതുക.** **( 1 )**

a) ഫലം ( കായ, പൊരുൾ, പ്രയോജനം, നിറം )

**5. പര്യായപദങ്ങൾ എടുത്തെഴുതുക.** **(2 x 1= 2)**

a) വാഹിനി ( തടിനി, ആലയം, സരിത്ത്, ആണ്ട് )

b) രക്തം ( ആതപം, രുധിരം, മുകിൽ, നിണം )

**6. അർത്ഥവ്യത്യാസം എഴുതുക.** **(2 x 1= 2)**

a) സംജ്ഞ – ആജ്ഞ

b) ധാര – ധര

**7. വിപരീതപദം എഴുതുക.** **(2 x 1= 2)**

a) ആദരം

b) സരളം

**8. എതിർലിംഗം എഴുതുക.** **(2 x 1= 2)**

a) യുവാവ്

b) സമ്പന്ന

**9. പിരിച്ചെഴുതുക.** **( 1 )**

a) വഴിയോരത്തുള്ള

**10. വിഗ്രഹിച്ചെഴുതുക.** **( 1 )**

a) ജീവനദി

**11. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക.** **( 1 )**

a) ഭാവിയെക്കുറിച്ചുള്ള ഭയത്തിന്റെ തത്രപ്പാടിൽ നമ്മുടെ ഭാഷ മനസ്സിൽ നിന്ന് മാഞ്ഞുപോവുകയാണ്.

**12. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **( 1 )**

a) മാതൃഭാഷ നിർബന്ധമായും പഠിക്കണമെന്ന് വാശിയോടെ ശഠിക്കുന്നവനായിരുന്നു ഞാൻ.

**13. പ്രയോഗം മാറ്റുക.** **( 1 )**

a) 'എന്റെ ഭാഷയിലെ ശ്രേഷ്ഠരായ സാഹിത്യകാരരെ ഞാൻ വായിച്ചിട്ടുണ്ട്.'

**14. ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(2 x 3= 6)**

a) മകൾക്ക് മാതൃഭാഷ അറിയാതിരുന്നത് ലേഖകനിൽ കോപവും ഉത്കണ്ഠയും നിറച്ചത് എന്തുകൊണ്ടാവാം ?

b) ''ബന്ധങ്ങളുടെ സംജ്ഞകൾ നഷ്ടപ്പെടുന്നത് ബന്ധങ്ങൾ നഷ്ടപ്പെടുന്നത് പോലെ തന്നെയല്ലേ ?'' ലേഖകന്റെ ഈ നിരീക്ഷണം വിലയിരുത്തുക.

c) ''നഗരകേന്ദ്രീകൃത വിദ്യാലയങ്ങളിൽ മാതൃഭാഷയെ കൈയും കാലും കെട്ടി മൂലയിൽ ഇരുത്തിയിരിക്കുകയാണ് '' ലേഖകൻ ഇങ്ങനെ ചിന്തിക്കാൻ ഇടയായ സാഹചര്യം എന്ത് ?

***